'ഭരണഭാഷ – മാതൃഭാഷ'

PAN/24693/2018-C4(DP)

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 26.11.2018

## സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് – അലഞ്ഞുതിരിഞ്ഞുനടക്കുന്ന കന്നുകാലികൾ മറ്റ് വളർത്തു മൃഗങ്ങൾ എന്നിവ കാരണം സാധാരണ ജനജീവിതം ദുസഹമാക്കുന്നതും വാഹന അപകടങ്ങൾ ഉണ്ടാകുന്നതും ഒഴിവാക്കുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ
2. 1961 ലെ കേരള കാറ്റിൽ ട്രെസ്സ് പാസ്സ് ആക്റ്റ്
3. 1962 ലെ കേരള കാറ്റിൽ ട്രെസ്സ് പാസ്സ് റൂൾസ്
4. 1960 ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമം
5. 2001 ലെ അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) റൂൾസ്
6. 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ

*******

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിലും വാഹന അപകടങ്ങൾക്ക് കാരണമാകുന്ന വിധവും കന്നുകാലികൾ അലഞ്ഞു തിരിഞ്ഞു നടക്കുന്നത് ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യത്തേയും സ്വൈര ജീവിതത്തേയും കൃഷിയേയും ഹനിക്കുന്നതായി ഒട്ടേറെ പരാതികൾ ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആയത് ഒഴിവാക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്ത് കന്നുകാലികളെ വളർത്തുന്നതിനുള്ള വ്യവസ്ഥകൾ സൂചന (1) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതും കന്നുകാലി സമ്പത്ത് പരിപോഷിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരും ഗ്രാമ പഞ്ചായത്തുകളും പലവിധ പ്രോത്സാഹനങ്ങളും സാമ്പത്തിക സഹായങ്ങളും ചെയ്തുവരുകയും ചെയ്യുന്നുണ്ട്. എന്നാൽ നിരത്തുകളിലും മറ്റ് പൊതു സ്ഥലങ്ങളിലും സ്വൈരവിഹാരം നടത്തുന്ന കന്നുകാലികൾ ഇന്ന് ജനങ്ങളുടെ ജീവനും സഞ്ചാരസ്വാതന്ത്ര്യത്തിനും ഭീഷണിയാകുന്നുണ്ട്. ഇത് നിയന്ത്രിക്കേണ്ടത് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ വിഷയത്തിൽ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ 1961 ലെ കേരള കാറ്റിൽ ട്രെസ്സ് പാസ്സ് ആക്റ്റ് (1961 ലെ ആക്റ്റ് 26), 1962 ലെ കേരള കാറ്റിൽ ട്രെസ്സ് പാസ്സ് റൂൾസ് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ

പഞ്ചായത്ത് പ്രദേശങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന കന്നുകാലികളെ നിയന്ത്രിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലേയ്ക്കായി മേൽ നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ കാറ്റിൽ പൗണ്ടുകൾ സ്ഥാപിച്ച് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ ഏതെങ്കിലും ഗ്രാമ പഞ്ചായത്തിൽ കാറ്റിൽ പൗണ്ട് ആവശ്യമുള്ളതായിരിക്കുകയും എന്നാൽ കാറ്റിൽ പൗണ്ടോ പൗണ്ട് കീപ്പറോ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടി ഗ്രാമ പഞ്ചായത്തുകൾക്ക് പകരം സംവിധാനമെന്ന നിലയിൽ, താല്ക്കാലികമായി അലഞ്ഞു നടക്കുന്ന കന്നുകാലികളെ പിടിച്ചെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന് വിധേയമായി കരാറുകാരനെ ചുമതലപ്പെടുത്താവുന്നതാണ്. അലഞ്ഞു നടക്കുന്ന കന്നുകാലികളെ പിടിച്ചെടുക്കുന്നതും സംരക്ഷിക്കുന്നതും ഉടമസ്ഥരിൽ നിന്നും ഫൈൻ ഈടാക്കുന്നതും അവയുടെ യഥാർത്ഥ ഉടമസ്ഥരെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ കന്നുകാലികളെ ലേലം ചെയ്ത് സംഖ്യ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതും സംബന്ധിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകളും സൂചന (2), (3) പ്രകാരമുള്ള 1961 ലെ കേരള കാറ്റിൽ ട്രെസ്സ് പാസ്സ് ആക്റ്റ്, 1962 ലെ കേരള കാറ്റിൽ ട്രെസ്സ് പാസ്സ് റൂൾസ് എന്നിവയിലെ വ്യവസ്ഥകളും നിബന്ധനകളും സൂചന (4) പ്രകാരമുള്ള 1960 ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമത്തിലെ വ്യവസ്ഥകളും കർശനമായി പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച മേൽ നിയമത്തിലെയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഗ്രാമ പഞ്ചായത്തുകൾ പത്രദൃശ്യമാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തേണ്ടതുമാണ്.

2. സൂചന (6) പ്രകാരമുള്ള 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പട്ടികളേയും പന്നികളേയും വളർത്തുന്നതിനും പരിപാലിക്കുന്നതിനുമുള്ള വിശദമായ നിബന്ധനകളും മാർഗ്ഗ നിർദ്ദേശങ്ങളും വ്യക്തമാക്കുന്നുണ്ട്. ടി ചട്ടങ്ങളിലെ നിബന്ധനകളും നിർദ്ദേശങ്ങളും ഗ്രാമ പഞ്ചായത്തുകൾ പാലിക്കാത്തത് കാരണം പല സ്ഥലങ്ങളിലും പേവിഷബാധയും , അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യവും വൻതോതിൽ വർദ്ധിക്കുന്നതായും ഇത് ജനങ്ങളുടെ ജീവനും സൈ്വരജീവിതത്തിനും വിഘാതമാകുന്നതായും പരാതികൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഒരു മാസത്തിനുള്ളിൽ പ്രമേയം പാസ്സാക്കി പട്ടികളേയും പന്നികളേയും വളർത്തുന്നതിന് ലൈസൻസ്സും പേവിഷബാധക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പും നിർബന്ധമാക്കേണ്ടതും വളർത്തുനായ്ക്കളേയും പന്നികളേയും ഒരു സാഹചര്യത്തിലും പൊതുസ്ഥലങ്ങളിൽ അലഞ്ഞുതിരിയുന്നതിന് അനുവദിക്കാൻ പാടില്ലെന്ന കർശന വ്യവസ്ഥ ലൈസൻസിൽ ഉൾപ്പെടുത്തേണ്ടതും വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ ഫൈൻ ഈടാക്കുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് ഇല്ലാതാക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളും സൂചന (5) ചട്ടങ്ങൾ പ്രകാരമുള്ള ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കേണ്ടതും ഇത് സംബന്ധിച്ച മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുമാണ്.

4. വഴിയോരങ്ങളിലും ഓടകളിലും മറ്റ് പൊതു/സ്വകാര്യ സ്ഥലങ്ങളിലും മാംസാവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും ഉപേക്ഷിക്കപ്പെടുന്ന പ്രവണത വർദ്ധിച്ച് വരുന്നുണ്ട്. ഇത് പകർച്ച വ്യാധികൾക്കും പരിസര മലിനീകരണത്തിനും തെരുവു നായ്ക്കളുടെ വംശവർദ്ധനവിനും കാരണമാകുന്നുണ്ട്. ഇത് കർശനമായി നിയന്ത്രിക്കുന്നതിന് വീടുകൾക്ക് ഉറവിട മാലിന്യ

സംസ്കരണ സംവിധാനങ്ങളും പക്ഷി മൃഗാദി മാംസ വില്പനയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ വിൽപ്പനശാലകളിൽ/ഫാമുകളിൽ നിന്നും ഉൽഭവിക്കുന്ന അവശിഷ്ടങ്ങളും മാലിന്യങ്ങളും ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളും നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് ഗ്രാമ പഞ്ചായത്തുകൾ നിഷ്കർഷിക്കേണ്ടതും ഉറവിട മാലിന്യ സംസ്കരണ സംവിധാനം സജ്ജീകരിച്ചിട്ടില്ലാത്ത വ്യാപാര, വാണിജ്യ സ്ഥാപനങ്ങളുടെ ലൈസൻസ് നോട്ടീസ് നല്കി നിയമാനുസരണം റദ്ദ് ചെയ്യേണ്ടതും അവരെ നിയമപ്രകാരമുള്ള നിയമനടപടികൾക്ക് വിധേയരാക്കേണ്ടതുമാണ്. പൊതു നിരത്തുകളിലും തോടുകളിലും പുഴകളിലും മറ്റും മാംസാവശിഷ്ടങ്ങളും മാലിന്യങ്ങളും നിക്ഷേപിക്കുന്നതിലൂടെ ഉണ്ടാകുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങളെയും സാമൂഹ്യ പ്രശ്നങ്ങളെയും സംബന്ധിച്ച് ആരോഗ്യ പ്രവർത്തകരുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്തുകൾ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും ഇത്തരം വിഷയങ്ങൾ ഗ്രാമ സഭയിൽ ചർച്ചചെയ്യേണ്ടതുമാണ്.

5. പൊതു നിരത്തുകൾ, തോടുകൾ, പുഴകൾ എന്നിവിടങ്ങളിൽ മാംസാവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നവരെ പൊതു ജനങ്ങളുടെ സഹകരണത്തോടെ കണ്ടുപിടിച്ച് അവർക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 219(എൻ), 219(എസ്) വകുപ്പുകൾ പ്രകാരം ഫൈൻ ചുമത്തൽ, പ്രോസിക്യൂഷൻ നടപടികൾ മുതലായവ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് ആവശ്യമായ പോലീസ് സഹായവും തേടാവുന്നതാണ്. മാലിന്യ മുക്ത കേരളം കെട്ടിപ്പടുക്കുന്ന പ്രവർത്തനങ്ങൾക്ക് എല്ലാ ഗ്രാമ പഞ്ചായത്തുകളും മുന്തിയ പരിഗണന നൽകേണ്ടതും നിയമാനുസരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും കർശനമായും പാലിക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും വീഴ്ച വരുത്തുന്നവർക്കെതിരെ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**(ഒപ്പ്)**
**എം.പി അജിത് കുമാർ**
**പഞ്ചായത്ത് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല**
**വഹിക്കുന്ന പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ**

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും } (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
3. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും }
4. ഫയൽ/കരുതൽ/അധികം

**അംഗീകാരത്തോടെ**

സൂപ്രണ്ട്